പ്രത്യേകം എല്ലാംതന്നെ ഇതിന് വേണ്ടുന്ന പ്രചോദനം നാട്ടുകാർക്ക് നൽകുന്ന രീതിയിലുള്ള പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. കാര്യമായി ഈ പദ്ധതിയെപ്പറ്റി ആലോചിക്കുമ്പോൾ ജനങ്ങളുടെ ശക്തി തികച്ചും പ്രയോജനപ്രദമായി ഉപയോഗിക്കാനും ഈ മേഖലയിൽക്കൂടി മറ്റു സ്ഥലങ്ങളിലേക്ക് അത് വ്യാപിപ്പിക്കാനും ഇത് പ്രചോദനം നൽകുമെന്നുതന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നതും. അതിലേക്കായി രാഷ്ട്രീയമായ പരിഗണന അല്പംപോലും ഇല്ലാത്ത രീതിയിൽ ദേശീയ താൽപ്പര്യത്തെ മുൻനിറുത്തിക്കൊണ്ട് ഈ രംഗത്ത് എല്ലാ ഭാഗത്തുനിന്നും ഒരുപോലുള്ള സഹായസഹകരണങ്ങൾക്കുവേണ്ടി പ്രത്യേകം പൊതുജനങ്ങളോടും രാഷ്ട്രീയ കക്ഷികളോടും വിദ്യാർത്ഥികളോടും മറ്റ് വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്ന ആളുകളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുണ്ടാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : നമ്മുടെ കലാകാരൻമാരെയും കലാസമിതികളെയും ഈ രംഗത്തേക്ക് കൃഷ്ണിക്കുകയും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി കലാപരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി കലാകാരൻമാരെയും കലാസമിതികളെയും കൃഷ്ണിക്കുന്നതിന് ദയവുണ്ടാകുമോ ?

ഡോ. കെ. ജി. അടിയോടി : കലാകാരൻമാർ, പഞ്ചായത്ത് പ്രസിഡൻറുമാർ, മുനിസിപ്പൽ ചെയർമാൻമാർ എന്നുവേണ്ട എല്ലാ ആളുകൾക്കും പ്രത്യേകമായി കത്തയച്ച് കൃഷ്ണിച്ചിട്ടുണ്ട്. ഇതിൽ അവരവരുടേതായി ഏതെല്ലാം മേഖലകളിൽ അവർക്ക് സഹായിക്കാൻ കഴിയുമോ അതെല്ലാം ചെയ്യണമെന്ന് പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്. കലാകാരൻമാരും ഈ പദ്ധതി ആരംഭിച്ചാൽ അവിടെവന്ന് അവരുടെ കഴിവിനനുസരിച്ച് പ്രവർത്തിക്കാമെന്ന് ഏറ്റിട്ടുണ്ട്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : ശ്രമദാനത്തിനും കലാപരിപാടികൾക്കും സന്നദ്ധരായി വരുന്നവർക്ക് എന്തെല്ലാം സഹായസഹകരണങ്ങൾ ഗവൺമെന്റ് ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡോ. കെ. ജി. അടിയോടി : ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരോഗ്യസംരക്ഷണത്തിനുവേണ്ടിയുള്ള എല്ലാ ഏർപ്പാടുകളും ചെയ്യാമെന്നും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഏറ്റിട്ടുണ്ട്. പ്രത്യേകമായി എന്തെങ്കിലും ശ്രമദാനം നടത്തുമ്പോൾ ഏതെങ്കിലും തരത്തിൽ പരിക്കുകളോ മറ്റോ ഉണ്ടായാൽ അതിന് ഫുൾ ഫ്രീഡ്രഗ് ഹോസ്പിറ്റലുകൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. വിശ്രമത്തിന് താൽക്കാലികമായ ഷെഡ്ഡുകൾ ഉണ്ടാക്കിയിട്ടുണ്ട്. കെയറിന്റെ വകയായി 85 ടണ്ണോളം ഗോതമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. നേരത്തെ പറഞ്ഞതുപോലെ എല്ലാ ദിവസങ്ങളിലും കലാപരിപാടികൾക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്കുമെൻററി ഫിലിം, ഫീച്ചർഫിലിം ഇതെല്ലാം സംഘടിപ്പിച്ചിട്ടുണ്ട്. അടുക്കോടും ചിട്ടയോടും ശ്രമദാനം നടത്താൻ തയ്യാറാകുന്ന ആളുകൾക്ക് ഇതുപോലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കും. അല്ലാത്ത ആളുകൾക്കുവേണ്ടിയുള്ള ഒരു സൗകര്യവും ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവുകയുമില്ല.

പഞ്ചായത്ത് മെമ്പർമാർ ഇല്ലാത്ത പഞ്ചായത്ത് വാർഡുകൾക്ക് മുൻഗണന

* 73 [100] ശ്രീ. ദാമോദരൻ കാളാശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും പഞ്ചായത്ത് മെമ്പർമാരുടെ ഒഴിവുകൾ ദീർഘകാലമായിത്തന്നെ നിലനിൽക്കുന്നതുമൂലം ആ പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പലതിനും പരിഹാരം കണ്ടെത്താൻ കഴിയുന്നില്ലെന്ന വിവരം ഗവൺമെന്റിന് അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്ങനെ ഒഴിവായി കിടക്കുന്ന പഞ്ചായത്തുവാർഡുകളിലെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) അറിയാം. ഒഴിവുകളുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കിട്ടിയിട്ടുള്ള നിവേദനങ്ങൾ ആസ്പദമാക്കി വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. ദാമോദരൻ കാളാശ്ശേരി : വാർഡ് കമ്മിറ്റി മെമ്പർമാർ ഇല്ലാത്ത പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ പ്രവർത്തനം സജീവമാക്കുന്നതിന് ഫംഗ്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ആ കമ്മിറ്റികളുടെ പ്രവർത്തനം ഒരു സ്ഥലത്തും ശരിയായി നടക്കുന്നില്ലെന്നുള്ള സംഗതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : അങ്ങനെ പല സ്ഥലത്തും പല കമ്മിറ്റികളും ഉണ്ടാക്കിയിട്ടുണ്ട്. ചില സ്ഥലത്ത് നടക്കുന്നുണ്ട്. മിക്കവാറും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ വളരെ സജീവമായി നടക്കുന്നുണ്ട്. ഒന്നോ രണ്ടോ വാർഡുകളിൽ മെമ്പർമാർ ഇല്ലെന്നുള്ളതുകൊണ്ട് പ്രത്യേകമായി വിഷമം ഉണ്ടായിട്ടില്ല.

തിരുവനന്തപുരം കണ്ണാശുപത്രി

* 74 [101] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കണ്ണാശുപത്രിയിൽ കണ്ണ് സംബന്ധിച്ച എല്ലാ ഓപ്പറേഷനും ഇപ്പോൾ നടത്താനുള്ള സൗകര്യമുണ്ടോ ;

(ബി) ആയിരക്കണക്കിന് രൂപ വിലയുള്ള പല യന്ത്ര സാമഗ്രികളും ഉപയോഗശൂന്യമായി കിടക്കുകയാണെന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഓപ്പറേഷൻ സമയത്ത് പെട്ടെന്ന് കറൻറുതകരാറുകൊണ്ട് ഇവിടെ പല ഓപ്പറേഷനുകളും പൂർത്തിയാക്കാൻ മണിക്കൂറുകൾ കഴിയേണ്ടിവരുന്ന സാഹചര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇങ്ങനെ വിദ്യുച്ഛക്തി തകരാറിൽനിന്നും ഉണ്ടാകുന്ന അസൗകര്യം ഒഴിവാക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ഉപയോഗശൂന്യമായ യാതൊന്നുമില്ല.

(സി) ഇത്തരം ഒരു സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly